<u>പത്രക്കുറിപ്പ്</u>

# സമ്പൂർണ്ണ ലോക്ക് ഡൗൺ

## വിലക്ക് ലംഘനം: 554 പേർക്കെതിരെ നിയമനടപടി

## 236 വാഹനങ്ങൾക്കെതിരെ കേസെടുത്തു

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിലെ രണ്ടാം പ്രതി പിടിയിൽ

തിരുവനന്തപുരം:- സമ്പൂർണ്ണ ലോക്ക് ഡൗൺ ദിനമായ ഇന്നലെ (10-07-2021) നാല്വ മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 554 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 84 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 189 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 41 പേരിൽ നിന്നുമായി 1,15,000/- രൂപ പിഴ ഈടാക്കി. കൂടാതെ 166 ഇരുചക്രവാഹനങ്ങളും 19 ഓട്ടോറിക്ഷയും 50 കാറും ഒരു ലോറിയും ഉൾപ്പെടെ അനാവശ്യ യാത്ര നടത്തിയ 236 വാഹനങ്ങൾക്കെതിരെയും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാത്ത 04 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 661 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്. ഞായറാഴ്ചയും പോലീസ് പരിശോധന ശക്തമായി തുടരുമെന്ന് കമ്മീഷണർ അറിയിച്ചു.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിലെ രണ്ടാം പ്രതി പിടിയിൽ

തിരുവനന്തപുരം:- പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ വീട്ടിൽ നിന്നും തട്ടിക്കൊണ്ടുപോയി ലൈംഗികമായി പീഡിപ്പിച്ച കേസിലെ രണ്ടാം പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. അരുവിക്കര കളത്തറ ചിത്തിര വീട്ടിൽ അനിൽകുമാർ (50) നെയാണ് പേട്ട പോലീസ് അറസ്റ്റ് ചെയ്തത്.

2021 ജനുവരിയിലാണ് സംഭവം നടന്നത് . പെൺകുട്ടിയെ ഈ കേസിലെ ഒന്നാം പ്രതിയായ അരുവിക്കര കളത്തറ അശ്വതി ഭവനിൽ അഖിൽ രണ്ടാം പ്രതി അനിൽകുമാറിന്റെ ആട്ടോറിക്ഷയിൽ കടത്തിക്കൊണ്ടുപോയി പാലോടുള്ള ആളൊഴിഞ്ഞ വീട്ടിൽ വച്ച് പീഡിപ്പിക്കുകയായിരുന്നു. പോക്സോ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഈ കേസിലെ ഒന്നാം പ്രതി അഖിലിനെ (23) പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. സഹായിയായ രണ്ടാം



പേട്ട പോലീസ് അറസ്റ്റ് ചെയ്ത
അനിൽകുമാർ (50)

പ്രതി അനിൽകുമാറിനെ അന്വേഷിച്ച വരവെ ശംഖുമുഖം അസി. കമ്മീഷണർ ഡി.കെ പൃഥ്വീരാജിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പേട്ട എസ്.എച്ച്. ഒ ബിനുകുമാർ, എസ്.ഐ രതീഷ്, സി.പി.ഒ മാരായ ബിജുകുമാർ, ജയദേവൻ, രഞ്ജിത്, ശ്യാം എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി
10-07-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി